## പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2980

13.07.2015 - ൽ
മറുപടിയ്ക്ക്

# എ.ആർ വില്ലിംഗ് അനുവദിക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഇ.കെ വിജയൻ** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| **(എ)** സംസ്ഥാനത്ത് പോലീസ് സേനയിൽ ഒരേ ബാച്ചിൽപ്പെട്ട ജീവനക്കാരിൽ പകുതി പേർക്ക് എ.ആർ വില്ലിംഗ് അനുവദിക്കുകയും ബാക്കിയുള്ളവർക്ക് നിഷേധിക്കുകയും ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ? | (എ) | ഉണ്ട്. ജി.ഒ.(പി)നം. 268/2010/ആഭ്യന്തരം തീയതി 10.12.2010 പ്രകാരം കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തെയും സായുധ സേന വിഭാഗത്തെയും ഏകീകരിച്ച് കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുകയാണ്. ഉണ്ടായത്. പ്രസ്തുത ഉത്തരവ് പ്രകാരം ഒരേ ബാച്ചിൽപ്പെട്ടവർ 31.03.2010 ന് മുമ്പ് എ.ആറിലേക്ക് സ്ഥലം മാറി വന്നവർക്ക് മാത്രമേ എ.ആറിൽ തുടരാൻ വില്ലിംഗ് കൊടുക്കുവാനുള്ള വ്യവസ്ഥ നിലവിലുള്ളു. എന്നാൽ അതിനു ശേഷം ബറ്റാലിയനുകളിൽ നിന്നും സ്ഥലം മാറി വരുന്നവർ കേരള സിവിൽ പോലീസ് കേഡറിന്റെ ഭാഗമായതിനാൽ ഇവർക്ക് എ.ആർ. വില്ലിംഗ് അനുവദിക്കുവാൻ നിർവ്വാഹമില്ല. |
| **(ബി)** 2007-ൽ സർവ്വീസിൽ പ്രവേശിക്കുകയും 2008 ൽ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത എത്ര ജീവനക്കാർക്ക് എ.ആർ വില്ലിംഗ് അനുവദിച്ചിട്ടുണ്ട് ; ലിസ്റ്റ് നൽകാമോ ? | (ബി) | 78 പേരെ എ.ആറിൽ തുടരുവാൻ അനുവദിച്ചിട്ടുണ്ട്.<br>ആലപ്പുഴ - 6<br>ഇടുക്കി - 46<br>തൃശ്ശൂർ - 18<br>മലപ്പുറം - 8 |
| **(സി)** എ.ആർ ബറ്റാലിയൻ അബോളിഷ് ചെയ്തതാണ് ഇതിനു കാരണമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അബോളിഷ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | എ.ആർ അബോളിഷ് ചെയ്തിട്ടില്ല, ആയതിനാൽ ബാധകമല്ല. |

(ഡി) അബോളിഷ് ചെയ്തിട്ടില്ലായെങ്കിൽ 2007 ബാച്ചിലെ മുഴുവൻ സേനാംഗങ്ങൾക്കും എ.ആർ വില്ലിംഗ് അനുവദിക്കുമോ ?

(ഇ) ഇല്ലെങ്കിൽ അതിനുള്ള സാങ്കേതികവും നിയമപരവുമായി പ്രതിബന്ധങ്ങൾ വിശദമാക്കാമോ ;

(എഫ്) എങ്കിൽ ഒരേ ബാച്ചിൽപ്പെട്ട സേനാംഗങ്ങൾക്ക് വ്യത്യസ്ത നീതി നടപ്പാക്കുന്നുവെന്ന പോരായ്മ പരിഹരിക്കാൻ എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത് ?

(ഡി) (ഇ) (എഫ്) ജി.ഒ (പി) 268/2010/ആഭ്യന്തരം തീയതി 10.12.2010 പ്രകാരം കേരള പോലീസിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തെയും സായുധസേന വിഭാഗത്തെയും ഏകീകരിച്ച് കേരള സിവിൽ പോലീസ് കേഡർ രൂപീകരിക്കുകയാണ് ഉണ്ടായത്. പ്രസ്തുത ഉത്തരവ് പ്രകാരം ഒരേ ബാച്ചിൽപ്പെട്ടവർ 31.03.2010 ന് മുമ്പ് എ.ആറിലേക്ക് സ്ഥലംമാറി വന്നവർക്ക് മാത്രമേ എ.ആറിൽ തുടരാൻ വില്ലിംഗ് കൊടുക്കുവാനുള്ള വ്യവസ്ഥ നിലവിലുള്ളൂ. എന്നാൽ അതിനുശേഷം ബറ്റാലിയനുകളിൽ നിന്നും സ്ഥലം മാറി വരുന്നവർ കേരള സിവിൽ പോലീസ് കേഡറിന്റെ ഭാഗമായതിനാൽ ഇവർക്ക് എ.ആർ വില്ലിംഗ് അനുവദിക്കുവാൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ